समग्र शिक्षा केरल
Samagra Shiksha Kerala
സമഗ്ര ശിക്ഷാ കേരളം

ജില്ലാ പ്രോജക്ട് ഓഫീസ്,സമഗ്ര ശിക്ഷാ കേരളം കോട്ടയം (എസ്.എസ്. കെ)
വിദ്യാഭ്യാസ കോംപ്ലക്സ്, വയസ്ക്കരക്കുന്ന്, കോട്ടയം
ഇ മെയിൽ : ssakottayam@gmail.com
പിൻ : 686001, ഫോൺ നം. : 0481-2581221

നം.ഡി-348/2024-25 തീയ്യതി : 08.01.2025

പ്രേഷിതൻ

ജില്ലാ പ്രോജക്ട് കോർഡിനേറ്റർ,
എസ്.എസ്.കെ കോട്ടയം

സ്വീകർത്താവ്

ഡയറക്ടർ,
സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & റോബോട്ടിക്സ്
മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി
കോട്ടയം

സർ,

വിഷയം : എസ്.എസ്.കെ കോട്ടയം- 2024-25 - സ്റ്റാഴ്സ് പദ്ധതി- എസ്.ഐ.ജി -2 സ്കഫോൾഡ് പദ്ധതി- തെരഞ്ഞെടുക്കപ്പെട്ട രണ്ടാംവർഷ ഹയർസെക്കൻഡറി കുട്ടികൾക്കുള്ള ക്യാമ്പ് - ഉന്നത വിദ്യാഭ്യാസ കേന്ദ്രം-സന്ദർശിക്കുന്നത് - **സംബന്ധിച്ച്**

സൂചന : 1. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ സർക്കുലർ നം. എസ്1/5254/എസ്.എസ്.കെ കോട്ടയം തീയ്യതി 27.12.2024

സമഗ്രശിക്ഷ കേരള പൊതുവിദ്യാഭ്യാസ വകുപ്പിലെ ഹയർസെക്കണ്ടറി വിഭാഗത്തിൽ സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുകയും എന്നാൽ അക്കാദമികമായി മുൻപന്തിയിൽ നിൽക്കുകയും ചെയ്യുന്ന കുട്ടികളെ തിരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ കണ്ടെത്തുകയും പ്രസ്തുത വിദ്യാർത്ഥികളെ തുടർച്ചയായ മെന്ററിംഗിലൂടെ രാജ്യത്തിനകത്തും പുറത്തുമുള്ള അക്കാദമിക ക്രേന്ദ്രങ്ങളിൽ പ്രവേശനം നേടാൻ പ്രാപ്തരാക്കുകയും ചെയ്യുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പദ്ധതിയാണ് സ്കഫോൾഡ്.

2023-24 വർഷം സ്കഫോൾഡ് പദ്ധതിയുടെ ഭാഗമായി ജില്ലയിൽ തെരഞ്ഞെടുക്കപ്പെട്ട രണ്ടാം ബാച്ചിലെ 40 കുട്ടികൾക്ക് നടത്തിയ സൈക്കോമെട്രിക് ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ കരിയർ ഓറിയന്റേഷൻ നൽകിയിരുന്നു. ഇതേ തുടർന്ന് പ്രസ്തുത വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസ മേഖലയിലെ വിവിധ സാധ്യതകൾ തിരിച്ചറിയുന്നതിനും അക്കാദമികമായി മുന്നേറുന്നതിനുമുള്ള പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുന്നതിന് ഉന്നതവിദ്യാഭ്യാസ കേന്ദ്രം സന്ദർശിക്കേണ്ടതുണ്ട്.

ആയതിന്റെ ഭാഗമായി **10.01.2025** വെള്ളിയാഴ്ച്ച മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & റോബോട്ടിക്സ് പരിചയപ്പെടുന്നതിനും ഫാക്കൽറ്റിയുമായി സംവദിക്കുന്നതിനും വേണ്ട ക്രമീകരണങ്ങൾ ചെയ്ത് തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ജില്ലാ പ്രോജക്റ്റ് കാര്യാലയം കോട്ടയം സമഗ്ര ശിക്ഷാ, കേരളം

വിശ്വസ്തതയോടെ

**ജില്ലാ പ്രോജക്ട് കോർഡിനേറ്റർ**
**എസ്.എസ്.കെ കോട്ടയം**